# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അലയമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ /കെഎൽ എം /പി1/562 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/03/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അലയമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-7 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ /കെഎൽ എം /പി1/562 /2021 തീയ്യതി: 27/03/2021

## കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 13-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.സൈമൺ | ഡെപ്യൂട്ടി ഡയറക്ടർ | 15-03-2021 | 23-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-03-2021 | 23-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജികുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)(15-03-2021 മുതൽ 17-03-2021 വരെ)

ശ്രീമതി.സിജാറാണി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അരുൺകുമാർ.എ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.രാജൻ.വി.ഡി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജയകുമാരി അമ്മ ജി,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| . | | | |
| ശ്രീ. എം. ഹംസ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. വി. സുരേഷ് കുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷാജിതാ ബീഗം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 03-12-2019 |
| ശ്രീ.തുളസീധരൻനായർ. ഡി | അസിസ്റ്റന്റ് സെക്രട്ടറി | 04-12-2019 | 31-03-2020 |
| ശ്രീ.ആരിസ് എ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 14-12-2019 |
| ശ്രീമതി.മറിയാമ്മ ഡാനിയേൽ ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15-12-2019 | 31-03-2020 |
| ഡോ. ജോയ് ഫ്രാൻസിസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ജയമോൾ. കെ | വി.ഇ.ഒ | 01-04-2019 | 31-05-2019 |
| ശ്രീ.ഇ എ സുരേഷ് | വി.ഇ.ഒ | 01-06-2019 | 06-08-2019 |
| ശ്രീമതി.അശ്വതി ആർ എസ് | വി.ഇ.ഒ | 07-08-2019 | 31-03-2020 |
| ശ്രീമതി. സിന്ധു റ്റി | വി.ഇ.ഒ | 20-12-2019 | 31-03-2020 |
| ശ്രീ.തുളസീധരൻപിള്ള | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.ദീപ എൽ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ശ്യാംമോഹൻ | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ അലോപ്പതി | | |
| ശ്രീമതി. അമ്പിളി.റ്റി | കൃഷി ഓഫീസർ | 01-04-2019 | 30-06-2019 |
| ശ്രീമതി. അമ്പിളി.സി.എം | കൃഷി ഓഫീസർ | 01-07-2019 | 06-08-2019 |
| ശ്രീ പ്രിയകുമാർ | കൃഷി ഓഫീസർ | 07-08-2019 | 30-09-2019 |
| ശ്രീ.ഫ്രാൻസിസ് ക്രിസ്റ്റി | കൃഷി ഓഫീസർ | 01-10-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 21-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 19-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 1-2 |
| 3 | വാർഷികക്കണക്കുകളിലെ അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 22-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Jayakumari Amma G (Senior Grade Auditor, On 19-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 1-4 |
| 6 | ലഭ്യമായഗ്രാന്റുകളിൽ ലാപ്സായ തുക<br>Written By: Jayakumari Amma G (Senior Grade Auditor, On 22-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 1-4.1 |
| 7 | ഗ്രാന്റ് സ്റ്റേറ്റ് മെന്റ് - പൊരുത്തക്കേടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 23-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 1-4.2 |
| 8 | പദ്ധതി അവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 23-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 16-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 1-6 |
| 10 | ക്ഷേമപെൻഷൻ<br>Written By: Rajan.V.D (Senior Grade Auditor, On 19-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 1-7 |
| 11 | സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 19-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-7.1 |
| 12 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻറ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത<br>Written By: Rajan.V.D (Senior Grade Auditor, On 21-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-7.2 |
| 13 | പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധികബാധ്യത<br>Written By: Rajan.V.D (Senior Grade Auditor, On 23-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 1-7.3 |
| 14 | ക്യാഷ് പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 21-03-2021) | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021) | 1-10 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 25-03-2021) | |
| 17 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 22-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-11 |
| 18 | വാടക ഈടാക്കിയിട്ടില്ല<br>Written By: Jayakumari Amma G (Senior Grade Auditor, On 22-03-2021)<br>Last Updated By: Naseer S (Computer Assistant, On 25-03-2021) | 1-12 |
| 19 | സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 22-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-13 |
| 20 | വാടകരഹിതമായി കടമുറികൾ വാടകയ്ക്ക് നൽകുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 22-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-14 |
| 21 | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ്-ക്രമപ്രകാരം ബില്ല് തയ്യാറാക്കാതെ കരാറുകാരന് തുക നല്കി.<br>Written By: G.Sajikumar (Audit Officer (HG), On 16-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-15 |
| 22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 22,83,031 രൂപാ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 16-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-16 |
| 23 | KMSCL ൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല-അടിയന്തിര നടപടികൾ അനിവാര്യം<br>Written By: Arun Kumar A (Asst. Audit Officer, On 21-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-17 |
| 24 | ലൈഫ് ഭവനപദ്ധതി -അവലോകനം<br>Written By: Arun Kumar A (Asst. Audit Officer, On 21-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-18 |
| 25 | ജൈവമാലിന്യ സംസ്കരണ പ്ലാന്റ് നിഷ്ക്രിയം<br>Written By: S.Sijarani (Asst. Audit Officer, On 22-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-19 |
| 26 | പൊതുടാപ്പുകൾ-സംയുക്ത പരിശോധന അനിവാര്യം<br>Written By: Rajan.V.D (Senior Grade Auditor, On 17-03-2021)<br>Last Updated By: G.Sajikumar (Audit Officer (HG), On 27-03-2021) | 1-20 |
| 27 | പ്രൊക്യുർമെന്റ് കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല<br>Written By: Rajan.V.D (Senior Grade Auditor, On 17-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 1-21 |
| 28 | പ്രവൃത്തിയുടെ ആകെ മൂല്യത്തിനനുസൃതമായിട്ടുള്ള നികുതികൾ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല<br>Written By: S.Sijarani (Asst. Audit Officer, On 23-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 1-22 |
| 29 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: S.Sijarani (Asst. Audit Officer, On 23-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 1-23 |
| 30 | മെത്രാംതോട്ടം കുടിവെള്ള പദ്ധതി-ആകെ പ്രവൃത്തി മൂല്യത്തിനനുസൃതമായിട്ടുള്ള ചെലവ് രേഖകൾ ഇല്ല<br>Written By: S.Sijarani (Asst. Audit Officer, On 23-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 1-24 |
| 31 | ഇ-ടെണ്ടർ വരവ് പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല<br>Written By: S.Sijarani (Asst. Audit Officer, On 23-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 1-25 |
| 32 | വിനിയോഗസാക്ഷ്യ പത്രമില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നുട<br>Written By: S.Sijarani (Asst. Audit Officer, On 23-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 1-26 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പ്രവൃത്തിയുടെ ആകെ മൂല്യത്തിനനുസൃതമായിട്ടുള്ള നികുതികൾ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല<br>Written By: S.Sijarani (Asst. Audit Officer, On 23-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 3-1 |
| 2 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: S.Sijarani (Asst. Audit Officer, On 23-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 21-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 21-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: Jayakumari Amma G (Senior Grade Auditor, On 21-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 21-03-2021)<br>Last Updated By: S.Sijarani (Asst. Audit Officer, On 27-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബജറ്റ്

14.2.2019തീയതിയിലെ 1-ാം നം.തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 4.6.2020 | - | - |

### 1-2.1 വാർഷികക്കണക്കുകളിലെ അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

1. RP-1 Tax Revenue-തൊഴിൽ നികുതി വരവുതുക 1094440 രൂപയും രജിസ്റ്റർ പ്രകാരം 1109690 രൂപയുമാണ്. 15250/- രൂപ യുടെ വ്യത്യാസം നിലനിൽക്കുന്നു.

2.വാർഷിക ധനകാര്യ പത്രികയിൽ Liability In Respect Of Stale Cheques എന്ന ഇനത്തിൽ ഉൾപ്പെട്ട തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3.Receivables For Property Tax On Residential Building And Non Residential Building,Current And Arrears തുകകൾ സഞ്ചയ സ്റ്റേറ്റുമെന്റും വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4. RP-7 ഷെഡ്യൂളിലെ 160200299 എന്നീ ഹെഡ്ഡിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

5. RP-31&B-4 ഷെഡ്യൂളുകളിൽ ഉൾപ്പെട്ട എം.ജി.എൻ.ആർ ജി.എസ് ഒഴികെയുള്ള വരവുകളുടേയും നീക്കിയിരുപ്പിന്റെയും കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6. RP-36&B-9 അഡ്വാൻസിനത്തിലുള്ള ബാധ്യതാ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വരവ്,നീക്കിയിരുപ്പിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

8. ഷെഡ്യൂൾ ബി-18 Loans &Advances -തുക നൽകിയതിന്റെയും ക്രമീകരിച്ചതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

9. ലോൺ ചെലവുതുക സുലേഖാ സ്റ്റേറ്റുമെന്റ് പ്രകാരം 1260000/- രൂപയാണ്.എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 8820000 രൂപയാണ്.വ്യത്യാസം ബോധ്യപ്പെട്ടിട്ടില്ല.

10.ഷെഡ്യൂൾ ബി-9 Other Liabilities -Other Recoveries From Employees എന്ന ഇനത്തിൽ 9804 രൂപ ഉൾപ്പെട്ടിട്ടുണ്ട്.എന്നാൽ സ്ഥാപനത്തിന്റെ വിഹിതം ടി ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

11. എഫ്.ബി.എസ്. ഇനത്തിൽ ബാധ്യതയായി ഉൾപ്പെട്ടിരിക്കുന്ന തുകകൾ 4/2020 ലെ ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19057038 |
| വരവ് | 78055885 |
| ആകെ | 97112923 |
| ചെലവ് | 75730007 |
| നീക്കിയിരിപ്പ് | 21382916 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 10340 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3427968 |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | - | 13060652 | 13060652 | 10628970 | 2431682 | 1395750/- രൂപ ക്യൂബിൽ* |
| വികസനഫണ്ട് (എസ്.സി.പി) | - | 7523000 | 7523000 | 5422171 | 2100829 | 155004/- രൂപ ക്യൂബിൽ* |
| വികസനഫണ്ട് (റ്റി. എസ്.പി) | | 194294 | 194294 | 0 | 194294 | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (United) | | 9983461 | 9983461 | 5584329 | 4399132 | 2188270/- രൂപ ക്യൂബിൽ* |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | | 6008000 | 6008000 | 2746517 | 3261483 | 3030782/- രൂപ ക്യൂബിൽ* |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | | 4188000 | 4188000 | 3400816 | 787184 | 247518/- രൂപ ക്യൂബിൽ* |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ലൈഫ് മിഷൻ | | 12000000 | 12000000 | 11780000 | 220000 | |
| സാക്ഷരത | 7075 | 32 | 7107 | 0 | 7107 | |
| ഇൻസെന്റീവ് | ० | 934000 | 934000 | 934000 | 0 | |
| ശുചിത്വമിഷൻ | 1018130 | 0 | 1018130 | 0 | 1018130 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 3124747 | 893826 | 4018573 | 500000 | 3518573 | |
| MNREGS | 897 | 1065945 | 1066842 | 969398 | 97444 | |
| സമ്പൂർണ്ണശുചിത്വം | 2531293 | 59721 | 2591014 | 995769 | 1595245 | |
| WGDP | 662532 | 22987 | 685519 | 0 | 685519 | |
| ജനകീയ പാർപ്പിടം | 56409 | 2538 | 58947 | 0 | 58947 | |

| | | | | | | |
|---|---|---|---|---|---|---|
| മറ്റു ഗ്രാന്റുകൾ | 20581 | 730 | 21311 | 0 | 21311 | |

*നീക്കിയിരിപ്പ് / ലാപ്സായ തുകയിൽ 2019-2020 വർഷത്തെ ക്യൂബിൽ തുക കൂടി ഉൾപ്പെട്ടതാണ്.

1-4.1 ലഭ്യമായഗ്രാന്റുകളിൽ ലാപ്സായ തുക

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 2431682 |
| വികസനഫണ്ട്(എസ്.സി.പി) | 2100829 |
| വികസനഫണ്ട്(റ്റി.എസ്.പി) | 194294 |
| ധനകാര്യകമ്മിഷൻഗ്രാന്റ്(Tied) | 4399132 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 3261483 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 787184 |
| ആകെ | 13174604 |

ലഭ്യമായഗ്രാന്റുകളിൽ 13174604 രൂപ ലാപ്സായി .

1-4.2 ഗ്രാന്റ് സ്റ്റേറ്റ് മെന്റ് - പൊരുത്തക്കേടുകൾ

സുലേഖ ചെലവ് പത്രിക പ്രകാരം വിവിധ മേഖലകളിൽ വകയിരുത്തിയിരുന്ന വിവിധ ഫണ്ടുകളുടെ തുക ഗ്രാന്റ് സ്റ്റേറ്റ് മെന്റ് അലോക്കേഷൻ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. എന്നാൽ ചെലവ് തുകയും ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ട് തുകയും പൊരുത്തപ്പെടുന്നുണ്ട്.

| ഫണ്ടിനം | മേഖല | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | ഉല്പാദനം | 9411349 | 3195183 |
| | സേവനം | 45555972 | 10440417 |
| വികസന ഫണ്ട്(എസ് സി പി) | ഉല്പാദനം | 3861600 | 965400 |
| | സേവനം | 37481674 | 5682874 |
| | പശ്ചാത്തലം | 2467836 | 2325471 |
| സി എഫ് സി | സേവനം | 2476031 | 2484031 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | സേവനം | 6790800 | 3190800 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | സേവനം | 1036000 | 536000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | സേവനം | 38864000 | 14464000 |

അപാകതകൾ പരിഹൃതമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 138342344 | 107 | 47378937 | 7 | 71 | 61 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>1-6 തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 897 | 1065945 | 1066842 | 969398 | 97444 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 44960036 | 44960036 | 44960036 | - |

<u>1-7 ക്ഷേമപെൻഷൻ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 135840 | 83 |
| കർഷകതൊഴിലാളി പെൻഷൻ | 1217400 | 353 |
| വിധവാപെൻഷൻ | 3528000 | 1406 |
| വാർദ്ധക്യകാലപെൻഷൻ | 4809600 | 1018 |
| വികലാംഗപെൻഷൻ | 912100 | 257 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 56400 | 17 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

<u>1-7.1 സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.</u>

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക |
|---|---|---|---|---|---|---|
| 1 | ശ്രീമതി ഏലിയാമ്മ കുന്നവിള | വിധവ പെൻഷൻ | 380063418704 | 30.12.19 | 1/2020 മുതൽ | 7500/- |

| | | | | | | |
|---|---|---|---|---|---|---|
| | തെക്കേതിൽ ചണ്ണപ്പേട്ട | | | | 6/2020 വരെ | |
| 2 | ശ്രീ. തങ്കച്ചൻ പനവിളയിൽ വീട് ചണ്ണപ്പേട്ട | കർഷകത്തൊഴിലാളി പെൻഷൻ | 103310100536 | 28.01.2020 | 2/2020 മുതൽ 6/2020 വരെ | 6300/- |
| 3. | റ്റി. എം. ബേബി പള്ളിക്കിഴക്കേതിൽ ഹൗസ് | വാർധക്യകാല പെൻഷൻ | 103310200450 | 13.12.2018 | 2/19 മുതൽ 4/2019 വരെ | 4500/- |
| 4 | ഗീവർഗ്ഗീസ് പ്ലാംപൊയ്കയിൽ | വാർധക്യകാല പെൻഷൻ | 103310201087 | 11.1.19 | 1/19 മുതൽ 4/2019 വരെ | 3400/- |
| 5 | കുഞ്ഞിക്കുട്ടി ലക്ഷംവീട് | കർഷകത്തൊഴിലാളി പെൻഷൻ | 103310100033 | 2.2.19 | 3/19 മുതൽ 4/2019 വരെ | 2300/- |
| 6 | മാധവൻ വേങ്ങവിളവീട് | വാർധക്യകാല പെൻഷൻ | 103310200007 ഓഡിറ്റ് അന്വേഷണം -07/2021: 19.03.2021 | 13.9.18 | 10/18 മുതൽ 7/2019 വരെ | 15000/- |
| 7 | കൊച്ചുപെണ്ണ് പടിഞ്ഞാറ്റിൻകര | കർഷകത്തൊഴിലാളി പെൻഷൻ | 103310100192 | 15.3.19 | 4/19 | 1200/- |
| 8 | കുഞ്ഞമ്മ മണക്കോട്ട് മേലതിൽ ചണ്ണപ്പേട്ട | വാർധക്യകാല പെൻഷൻ | 404250785279 | 15.06.2020 | 7/2020 മുതൽ 2/2021 വരെ | 12000/- |

ഓഡിറ്റ് വേളയിലെ പരിശോധനയിൽ കണ്ടെത്തിയ പെൻഷണർമാരുടെ വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള നിലവിലുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാം. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം -07/2021/19.03.2021

<u>1-7.2 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻറ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത</u>

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ

കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ സസ്പെൻറ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ അലയമൺ ഗ്രാമ പഞ്ചായത്തിൽ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെൻറ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ, ചണ്ണപ്പേട്ട സർവ്വീസ് സഹകരണബാങ്കിൽ നിന്നും ക്രമമായ ഇടവേളകളിൽ മരണമോ മറ്റ് കാരണങ്ങളാലോ പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടവരുടെ വിശദമായ രേഖകൾ ശേഖരിക്കുകയും അതിനനുസൃതമായി സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെന്റ് ചെയ്യുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാത്ത നിലയിൽ സഹായധനം ദുർവിനിയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്.
ഓഡിറ്റ് അന്വേഷണം -08/2021/19.03.2021

1-7.3 പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധികബാധ്യത

അലയമൺ ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/ കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം -11/2021:22.03.2021

| ക്രമ നം | പെൻഷണറുടെ പേര് | പെൻഷണർ ഐ ഡി | കൈപ്പറ്റുന്ന പെൻഷൻ ഇനം | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | സുഭദ്രയമ്മ,ഉരുത്തിയിൽ വീട് കുഴിയന്തടം,അലയമൺ | 103319201249 | വാർദ്ധക്യകാല പെൻഷൻ | 33400/- |
| 2 | ബീവിക്കുഞ്ഞ്,പണയിൽവീട് | 103310201231 | വാർദ്ധക്യകാല | 33000/- |

| | | | | |
|---|---|---|---|---|
| | മുളപ്പമൺ,കരുകോൺ | | പെൻഷൻ | |
| 3 | ലീലാഭായി അമ്മ ചെങ്ങഴികത്ത് വീട്,അലയമൺ | 103310100499 | കർഷകത്തൊഴിലാളി പെൻഷൻ | 47800/- |
| 4 | ബാഹുലേയൻപിള്ള എം ജയന്തി നിവാസ്,അലയമൺ | 103310400209 | വികലാംഗ പെൻഷൻ | 52000/- |
| 5 | ചന്ദ്രികാകുമാരി,രാജീവ്സദനം കുഴിയന്തടം,അലയമൺ | 103310600698 | വിധവാപെൻഷൻ | 49200/- |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.3.2021 തീയതിയിൽ 3.30 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 80478(കാഷ്)+1250(ചെക്ക്) രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരുപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ ഔട്ട് ഡോർ കളക്ഷന് മാനവൽ രസീതുകളും ഉപയോഗിച്ചുവരുന്നു. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തിരജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. വസ്തുനികുതി, വാടക, ലേലം എന്നീയിനങ്ങളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. 2019-2020 വാർഷിക തന്ഥിതി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1.3.2021 | 1.4.2020 മുതൽ 31.12.2020 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.5.2019 | 2012-13 മുതൽ 2016-17 വരെ | 8.6.2017 |

1-11 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്ററും സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന നാഷണൽ പബ്ലിക്ക് സ്കൂൾ,

കരുകോൺ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസും റവന്യൂ റിക്കവറി നോട്ടീസും നല്കിയതായുംനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ആയത് ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം.3/16.3.2021

1-12 വാടക ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കരുകോൺ ഷോപ്പിംഗ് കോംപ്ലക്സിലെ നം.1 കടമുറിയിൽ നിന്നും വാടക ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | മാസവാടക | ഈടാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| 1 | കരുകോൺ ഷോപ്പിംഗ് കോംപ്ലക്സ് നം.1 | ഖായിസ് ഖാൻ, സജിതാനിവാസ് | 2169 | 2169x12 = 26028<br>2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ |

മേൽ കടമുറിയിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ആയത് ഒടുക്കുന്നമുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി നൽകി. വാടക പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

എൻക്വയറി നം. – 2/16.03.2021

1-13 സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന നാഷണൽ പബ്ലിക്ക് സ്കൂൾ, കരുകോൺ എന്ന സ്ഥാപനത്തിലെ രണ്ടാം അർദ്ധവർഷത്തെയും BSNLന്റെ ഒന്നും രണ്ടും അർദ്ധവർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസും റവന്യൂ റിക്കവറി നോട്ടീസും നല്കിയതായും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ആയത് ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം.3/16.3.2021

1-14 വാടകരഹിതമായി കടമുറികൾ വാടകയ്ക്ക് നൽകുന്നു.

ചണ്ണപ്പേട്ട ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം. 24-ൽ VFPCK വിപണി

പ്രവർത്തിക്കുന്നതിനായും കരുകോൺ ഷോപ്പിംഗ് കോംപ്ലക്സിന്റെ 6, 7, 8 മുറികൾ സപ്ലൈക്കോയ്ക്കും വാടകരഹിതമായി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വച്ചതിന്റെ രേഖകൾ. കമ്മിറ്റി തീരുമാനം എന്നിവ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് ആയതു സംബന്ധിച്ച രേഖകൾ ലഭ്യമല്ല എന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേക്കുറിച്ച് പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. വാടകരഹിതമായി കടമുറികൾ നൽകാനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. വാടക രഹിതമായി കടമുറികൾ അനുവദിച്ച നൽകിയതുമൂലമുള്ള നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. – 2/16.03.2021

1-15 ഹൈമാസ്റ്റ് ലൈറ്റ് മെയിൻറനൻസ്-ക്രമപ്രകാരം ബില്ല് തയ്യാറാക്കാതെ കരാറുകാരന് തുക നല്കി.

പ്രോജക്ട്-ഹൈമാസ്റ്റ് ലൈറ്റ് മെയിൻറനൻസ് (135/20)

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ തുക-100000 രൂപാ (ധനകാര്യ കമ്മീഷൻ ഗ്രാൻറ്)

ടിപ്രോജക്ടിന്റെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയും, ആയത് ടെണ്ടർ ചെയ്തതിൽ ശ്രീ. ശ്രീനാഥ് രാമസ്വാമിയുടെ ടെണ്ടർ അംഗീകരിക്കുകയും, ടിയാനുമായി 16-09-2019 ൽ കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ ചെയ്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി, ആയത് ചെക്ക് മെഷർചെയ്ത്, ബില്ലുതയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തി, ആയതിൽനിന്നും നിയമാനുസൃത തുകകൾ കിഴിവ് വരുത്തി കരാറുകാരന് തുക നല്കുന്നതിനുപകരം “ലൈറ്റുകൾ കത്തുന്നു” എന്ന വാർഡ് മെമ്പറുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിൽ കരാർ തുക മുഴുവനായും നല്കിയിരിക്കുന്നു.

നല്കിയ തുക - 87300/-

ബിൽനമ്പർ - 19/25-11-2019

ഇപ്രകാരം ക്രമവിരുദ്ധമായി കരാറുകാരന് തുക നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4, തീ 16-03-21) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ കരാറുകാരന് നല്കിയ 83700 രൂപാ തടസ്സപ്പെടുത്തുന്നു. ക്രമപ്രകാരം ബില്ല് തയ്യാറാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 22,83,031 രൂപാ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്ര. നം | പ്രോജക്ട് | തുക | ബിൽ നം, |
|---|---|---|---|

| | | | |
|---|---|---|---|
| | | | തീയതി |
| | കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കവരുത്തിയ തുകകളുടെ വിവരം | | |
| 1 | പോത്തൻപാറ പുന്നവിള റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (111/20)<br>അടങ്കൽ തുക-400000 (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | 4,00,000 | 17/18-10-2019 |
| 2 | വാർഡ് 8,11 എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (124/20) അടങ്കൽ തുക-4,37,000 (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | 4,37,000 | 25/16-12-2019 |
| 3 | പുത്തയം സ്റ്റേഡിയം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (131/20) അടങ്കൽ തുക-2,47,000 (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | 2,47,000 | 18/18-10-2019 |
| 4 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (137/20) അടങ്കൽ തുക-11,49,031 (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) | 11,49,031 | 14/21-09-2019 |
| | ജില്ലാ പഞ്ചായത്തിൽ ഒടുക്കവരുത്തിയ തുകകളുടെ വിവരം | | |
| 5 | ജീവനം (109/20) അടങ്കൽ തുക-50,000 (വികസന ഫണ്ട് ) | 50,000 | 6/22-08-2019 |
| | | 22,83,031 | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 1, തീയതി 16-03-2021) വിനിയോഗ സാക്ഷ്യ പത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കിക്കൊള്ളാം എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ചിട്ടുള്ള 22,83,031 രൂപാ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 KMSCL ൽ നിന്ന് മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല- അടിയന്തിര നടപടികൾ അനിവാര്യം

മെഡിക്കൽ ഓഫീസർ (പി.എച്ച് .സി ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി നൽകിയിട്ടും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1)

| പ്രോജക്ട് നം./<br>ഫണ്ടിനം. | കെ.എം.എസ്.സി.എൽ -ന് നൽകിയ രൂപ/<br>ബിൽ നം., തീയതി. | ഇൻവോയിസ് നം/<br>തീയതി. | ലഭിച്ച മരുന്നുകൾ<br>(രൂപ) |
|---|---|---|---|
| 50/19-20<br>മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 2,00,000/-<br>14/15.02.2020 | 2231/24.03.2020 | 44802 |
| | | 2233/24.03.2020 | 12262 |
| | | 12584/24.03.2020 | 63475 |
| | | | |

| | | | |
|---|---|---|---|
| | | 2311/31.03.2020 | 12733 |
| | | 17/3.04.2020 | 9550 |
| | | 69/3.04.2020 | 21747 |
| | | 372/1.05.2020 | 12375 |
| | | 1342/23.09.2020 | 15615 |
| | | 7150/24.09.2020 | 80 |
| | | 7127/23.09.2020 | 3051 |

| | |
|---|---|
| ആകെ ലഭിച്ച മരുന്നുകൾ | 195690/ |
| ആകെ ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ | 4310/- |

2.

| പ്രോജക്ട് നം./<br>ഫണ്ടിനം. | കെ.എം.എസ്.സി.എൽ -ന് നൽകിയ രൂപ/<br>ബിൽ നം., തീയതി. | ഇൻവോയിസ് നം/<br>തീയതി. | ലഭിച്ച മരുന്നുകൾ<br>(രൂപ) |
|---|---|---|---|
| 49/19-20<br>മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 309800<br>07/26.10.19 | | |
| | | 1126/27.02.2020 | 34207 |
| | | 11337/29.02.2020 | 8051 |
| | | 2082/11.05.2020 | 24787 |
| | | 3482/1.06.2020 | 10945 |
| | | 3483/1.6.2020 | 25913 |
| | | 3481/1.6.2020 | 32819 |
| | | 6086/9.08.2020 | 4573 |
| | | 7141/23.09.2020 | 60244 |
| | | 7151/24.09.2020 | 883 |

| | |
|---|---|
| ആകെ ലഭിച്ച മരുന്നുകൾ | 202422 |
| ആകെ ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ | 107378 |

ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.എം.എസ്.സി.എല്ലിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിലറിയിക്കുന്നതാണെന്നും മറുപടി നൽകി.

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 9/2021/20.03.2021

1-18 ലൈഫ് ഭവനപദ്ധതി -അവലോകനം

2019-20 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവനപദ്ധതിക്കായി എഗ്രിമെന്റ് വച്ചവരുടെയും പണി പൂർത്തീകരിച്ചതിന്റെയും പൂർത്തീകരിക്കാതെ അവശേഷിച്ചിരിക്കുന്നതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ജനറൽ | എസ്.സി. |
|---|---|---|
| എഗ്രിമെന്റ് വച്ച ഗുണഭോക്താക്കളുടെ എണ്ണം | 97 | 38 |
| പണി പൂർത്തിയാക്കിയവരുടെ എണ്ണം | 96 | 36 |
| പൂർത്തിയാക്കാൻ അവശേഷിക്കുന്നവ | 1 | 2 |

2018-19 സാമ്പത്തിക വർഷത്തിൽ കരാർ വച്ച് പണി പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് തൻവർഷത്തിൽ തുക അനുവദിച്ചിരിക്കുന്നത് പുതിയ പദ്ധതിയിൽ നിന്നും കൂടിയാണ്. തുടർ പദ്ധതിയായതിനാലാണ് അപ്രകാരം ചെയ്തിരിക്കുന്നതെന്ന് വി.ഇ.ഒ വിശദീകരിച്ചു.

പദ്ധതിക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം/ പേര് | ഫണ്ട് അടങ്കൽ | സുലേഖ പത്രിക പ്രകാരം ചെലവ് | യഥാർത്ഥത്തിലുള്ള ചെലവ് | അഭിപ്രായം |
|---|---|---|---|---|---|
| 1 | 35/20-ലൈഫ്-ജനറൽ | 11343709 | 2800000 | 2800000 | ഇല്ല |
| 2 | 37/20-ലൈഫ് (എസ്.സി) | 8150960 | 2120000 | 2120000 | ഇല്ല |
| 3 | 170/20-ലൈഫ് (ജനറൽ) സ്പിൽ ഓവർ | 42334049 | 5060000 | 11820000 | ലോൺ തുകയിൽ നിന്നും 11-04-2019ൽ ചെലവായ 67,60,000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. |
| 4 | 171/20-ലൈഫ് (എസ്.സി.) സ്പിൽ ഓവർ | 16826200 | 2260000 | 3060000 | ലോൺ തുകയിൽ നിന്നും 11-04-2019ൽ ചെലവായ 8,00,000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.- |

1-19 ജൈവമാലിന്യ സംസ്കരണ പ്ലാന്റ് നിഷ്ക്രിയം

2019-20 സാമ്പത്തിക വർഷത്തിൽ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർമ്മിച്ച ജൈവമാലിന്യ സംസ്കരണ പ്ലാന്റ് (പ്രോജക്ട് നം 166/2020) നാളിതു വരെ പ്രവർത്തന ക്ഷമമായിട്ടില്ല.

സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 687000/-രൂപ വകയിരുത്തി നടപ്പിലാക്കിയ പ്രവൃത്തിക്കായി 655374/- രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നമ്പർ-2171500/07-11-2019). പ്ലാന്റിന്റെ പണി പൂർത്തീകരിച്ച് അവസാന അളവ് എടുത്തിരിക്കുന്നത് 04-11-2019 ലാണ് (എം ബുക്ക് നം- 357/2020, പേജ് നം-23). തുമ്പൂർമൂഴി മാതൃകയിൽ ജൈവമാലിന്യ സംസ്കരണം ലക്ഷ്യമിട്ട് ചണ്ണപ്പേട്ട മാർക്കറ്റിലാണ് പ്ലാന്റ് നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റിനോടനുബന്ധിച്ച് 20-03-2021 ൽ നടത്തിയ സ്ഥലപരിശോധനയിൽ ടി പ്ളാന്റ് നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ജൈവമാലിന്യങ്ങൾ കൂടുതൽ അളവിൽ വരുന്ന മാർക്കറ്റിലെയും പൊതുവായി പഞ്ചായത്തിലെയും മാലിന്യസംസ്കരണം ലക്ഷ്യമിട്ട് കൊണ്ട് നിർമ്മിച്ച പ്ലാന്റ് നാളിതു വരെ പ്രവർത്തിപ്പിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി രേഖാമൂലം സെക്രട്ടറിയെ അറിയിച്ചതിന് കോവിഡ് 19 മഹാമാരിയായതിനാൽ തുടർ പ്രവർത്തനം നടത്താൻ സാധിച്ചില്ല എന്ന് മറുപടി ലഭ്യമാക്കി.

മാലിന്യങ്ങൾ ശേഖരിച്ച്, അതിൽ നിന്നും ജൈവ മാലിന്യങ്ങൾ വേർതിരിച്ച്, പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനായി ഓപ്പറേറ്ററെ നിയമിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിക്കാതിരുന്നത് മൂലം 655374/- രൂപ ചെലവഴിച്ച് നിർമ്മിച്ച പ്ലാന്റ് നിഷ്ക്രിയം ആയി തുടരുകയാണ്. തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ 166/2020- എന്ന പ്രവൃത്തി പൂർണ്ണമായും പ്ലാന്റിന്റെ നിർമ്മാണം മാത്രമാണ് ലക്ഷ്യമിട്ടിരുന്നത്. ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.പ്ളാന്റിന്റെ നിർമ്മാണത്തിലുള്ള അപാകം മൂലമാണ് ആയത് നിഷ്ക്രിയമായി തുടരുന്നതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്ലാന്റ് പ്രവർത്തിക്കാതിരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ഉത്തരവാദിയല്ല.പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർനടപടികൾ കൈക്കൊള്ളുന്നതിന് സത്വര നടപടികൾ സ്വീകരിക്കാനായി ഭരണസമിതിയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറി ഉത്തരവാദിയാണ്. പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതിനാൽ ആയതിനായി നാളിതു വരെ നടത്തിയ 655374/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മാലിന്യ സംസ്കരണം, പദ്ധതിയിൽ ലക്ഷ്യമിട്ട രീതിയിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.പ്ലാന്റ് പ്രവർത്തനക്ഷമമാക്കി പദ്ധതി ലക്ഷ്യം കൈവരിച്ച് വിവരം ഓഡിറ്റിലറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-655374/-

എൻക്വയറി നം-13/22-03-2021

1-20 പൊതുടാപ്പുകൾ-സംയുക്ത പരിശോധന അനിവാര്യം

ഗ്രാമപഞ്ചായത്തിൽ ആകെ 101 ടാപ്പുകൾക്കാണ് നിലവിൽ വാട്ടർ ചാർജ് അടയ്ക്കുന്നത്. 2019-

20 ൽ 2,62,865/-രൂപ ഈ ഇനത്തിൽ കേരള വാട്ടർ അതോറിട്ടിയിൽ അടവാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ ശേഖരിച്ച വാർഡ്തലത്തിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തുക അടവാക്കിവരുന്നത്. പഞ്ചായത്ത്-വാട്ടർഅതോറിറ്റി സംയുക്ത പരിശോധന അടിയന്തിരമായി നടപ്പാക്കി പൊതുടാപ്പുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരശേഖരണം നടത്തേണ്ടത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. വാർഡ്തലത്തിൽ പൊതുടാപ്പുകളെ സംബന്ധിച്ച രജിസ്റ്റർ എല്ലാവിശദാംശങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-21 പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം തൃപ്തികരമല്ല

ISO സർട്ടിഫിക്കേഷന്റെ ഭാഗമായി പഞ്ചായത്തിലേക്ക് സ്റ്റീൽ റാക്കുകൾ (20 എണ്ണംx12000/-രൂ) വാങ്ങിയതിനായി ജി.എസ്.ടി ഉൾപ്പടെ ആകെ 2,83,200/-രൂ ചെലവ് ചെയ്തിട്ടുണ്ട്. വാങ്ങൽ നടപടികളിൽ സർക്കാർ ഏജൻസികളെ ഒന്നും തന്നെ പരിഗണിച്ചിരുന്നില്ല. ക്വട്ടേഷൻ രേഖകൾ പരിശോധിച്ചതിൽ 78”X36”X18” അളവിലുള്ള 18Guage സ്റ്റീൽ റാക്കുകൾ ആണ് സ്വകാര്യ ഏജൻസിയിൽനിന്ന് വാങ്ങിയിട്ടുള്ളത്. ഇതേ അളവിലുള്ള സ്റ്റീൽ റാക്കുകൾ കുറഞ്ഞ വിലയ്ക്ക് സർക്കാർ ഏജൻസികളിൽ നിന്ന് ലഭ്യമാകുമായിരുന്നു. [കുറഞ്ഞ തുക ക്വാട്ടുചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയിട്ടുണ്ട്]. പ്രൊക്യൂർമെന്റ് സമിതി മിനിട്സ് പരിശോധിച്ചതിൽ പഞ്ചായത്ത് തല പ്രൊക്യൂർമെന്റ് സമിതി വാങ്ങൽ നടപടികളിൽ ഇടപെട്ടതായി കാണുന്നില്ല. പഞ്ചായത്തിന്റെ സാമ്പത്തികഭദ്രത ഉറപ്പാക്കുംവിധമുള്ള വാങ്ങലുകൾ നടത്തുന്നതിനായി ഭരണസമിതി അടിയന്തിരശ്രദ്ധ ചെലുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം- 5/2021/16.03.2021

1-22 പ്രവൃത്തിയുടെ ആകെ മൂല്യത്തിനനുസൃതമായിട്ടുളള നികുതികൾ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല

പ്രോജക്ട് നം-99/2020,

പ്രോജക്ടിന്റെ പേര്-കരുകോൺ ലക്ഷം വീട് നെല്ലിമൂട് റോഡ് കോൺക്രീറ്റ്

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ-സുധീൻ പിള്ള

എഗ്രിമെന്റ് നം-48/AE/LSGD/ALN/19-20/15-11-2019

എം-ബുക്ക് നം-48/19-20

ഫണ്ട് അടങ്കൽ-ധനകാര്യകമ്മീഷൻ ഗ്രാന്റ്-218500/-,

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-150000/-

ചെലവ്-ബിൽ നം-36/19-20/26-02-2020:-214326/-

ചെക്ക് നമ്പർ-2040573 /23-01-2020

ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കരാറുകാരൻ രേഖപ്പെടുത്തിയിരുന്ന ടെണ്ടർ നിരക്ക് കണക്കാക്കി കിട്ടുന്ന തുകയെ അടിസ്ഥാനമാക്കിയാണ് നിയമാനുസൃതമായ നികുതികൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നത്. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ ആയത്

പ്രകാരമല്ല നികുതികൾ ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ഖണ്ഡിക 3-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-23 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

പ്രോജക്ട് വിവരങ്ങൾ-കുറവൻതേരി ചൊവ്വള്ളൂർ റോഡ് റീ ടാറിംഗ്,149/20(സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

ഫണ്ട് -മെയിന്റനൻസ് ഗ്രാന്റ്(റോഡ് )

അടങ്കൽ-350000/-

ചെലവ്-3,49,545/-

ബിൽ നം-9/19-20/05-07-2019

കരാറുകാരൻ-ബദറുദ്ദീൻ.കെ

എഗ്രിമെന്റ് നമ്പർ-70/AE/LSGD/ALN/16-10-18

എം-ബുക്ക് നം-115/18-19,പേജ് നം-24&25

അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം മേൽ പ്രവൃത്തിക്കായി(എസ്റ്റിമേറ്റ് നമ്പർ-2018/73019,TS No-26429/18-19)"Packed Bitumin"റേറ്റ് ആണ് അനുവദിച്ച് നൽകിയിരിക്കുന്നത്. കരാറുകാരൻ ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്നും ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങിയ ബില്ലിലാണ് (ഇൻവോയ്സ് നം-4550253580/01-03-2019) പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉപയോഗിച്ച ടാറിന്റെ അളവ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എം.ബുക്കിൽ ആയതുമായി ബന്ധപ്പെട്ട സാക്ഷ്യപ്പെടുത്തലൊന്നും തന്നെ നടത്തിയിട്ടില്ല.

പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ കാലിബാരലിന്റെ വില കുറവ് വരുത്തിയിട്ടാകണമായിരുന്നു കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ആയത് കിഴിവ് നടത്താതെ തുക നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-24 മെത്രാംത്തോട്ടം കുടിവെള്ള പദ്ധതി-ആകെ പ്രവൃത്തി മൂല്യത്തിനനുസൃതമായിട്ടുള്ള ചെലവ് രേഖകൾ ഇല്ല

പ്രോജക്ട് നം-139/2020

പദ്ധതിയുടെ പേര്-മെത്രാംത്തോട്ടം കുടിവെള്ള പദ്ധതി(രണ്ടാം ഘട്ടം)

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

ഫണ്ട്-അടങ്കൽ -എസ്.സി.പി,453975/-

ചെലവ്-396808/-(ബിൽ നം-17/19-20/04-10-2019)

എം-ബുക്ക് നം-62/17-18

ടി പ്രവൃത്തിയുടെ നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ആകെ പ്രവൃത്തി മൂല്യമായ 432833/-രൂപയിൽ നിന്നും എം.ബുക്ക് വാല്യം 1 പേജ് നമ്പർ 14 ൽ രേഖപ്പെടുത്തി നൽകിയ

പാർട്ട് ബിൽ തുകയായ 36949/-രൂപ കിഴിച്ച് ബാക്കി 395884/- രൂപയെന്ന് എം-ബുക്ക്-വാല്യം 2-പേജ് നം-19 ൽ സി.സി ആൻഡ് ഫൈനൽ ബിൽ ആയി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയത് അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മേൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ട്രഷറിയിൽ നിന്നും പിൻവലിച്ചിരിക്കുന്ന ആകെ തുക 396808/-രൂപയാണ്. ഗുണഭോക്തൃസമിതി ചെയർമാനായ ഇന്ദ്രന്റെ അക്കൗണ്ടിലേക്ക് 384904/-രൂപയും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ഫൈൻ, ആദായ നികുതിഎന്നീ ഇനങ്ങളിലായി 3968/-രൂപ വീതവും ചെലവഴിച്ചിരിക്കുന്നു. എം.ബുക്ക് പ്രകാരം ചെലവഴിക്കേണ്ട ആകെ തുകയിൽ നിന്നും 924/-രൂപ അധികമായി പിൻവലിച്ച് ചെലവഴിച്ചിരിക്കുന്നത് തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

2) 2015-16 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃസമിതിയുമായി കരാറിൽ(കരാർ ഉടമ്പടി നം-86/എ.ഇ/എൽ.എസ്.ജി.ഡി/03-03-2016) ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത കരാറിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. ടി പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 2019-20 സാമ്പത്തിക വർഷത്തിലാണ്. പമ്പിന്റെ നിർമ്മാണം, കുളം ഉപയോഗക്ഷമമാക്കൽ എന്നീ പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിച്ചിരിക്കുന്നത്. കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമാക്കാൻ നാളിതുവരെ സാധിച്ചിട്ടില്ല.

3) ഗുണഭോക്തൃസമിതി ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരമുള്ള ആകെ ചെലവ് 351670/-രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | NA2372-19-11-2018(N-Haa Paint World) | 2970 |
| 2 | 441/15-02-2018(ഫവാസ്ഹാർഡ് വെയേഴ്സ്) | 35278 |
| 3 | 39104/01-05-2018(തനിമ ഹാർഡ് വെയേഴ്സ്) | 19023 |
| 4 | 38972/18-04-2018(തനിമ ഹാർഡ് വെയേഴ്സ്) | 8786 |
| 5 | A 519/30-11-2018(തനിമ ഹാർഡ് വെയേഴ്സ്) | 45000 |
| 6 | A 501/30-11-2018(തനിമ ഹാർഡ് വെയേഴ്സ്) | 50000 |
| 7 | C 250 /18-03-2019(കെ.വി.റ്റി ഹാർഡ് വെയേഴ്സ്) | 60050 |
| 8 | C 262 /23-03-2019(കെ.വി.റ്റി ഹാർഡ് വെയേഴ്സ്) | 15250 |
| 9 | C 181 /01-01-2019(കെ.വി.റ്റി ഹാർഡ് വെയേഴ്സ്) | 3213 |
| 10 | 02/18 ൽ നൽകിയ വേതനം | 9250 |
| 11 | 03/18 ൽ നൽകിയ വേതനം | 9500 |
| 12 | 04/18 ൽ നൽകിയ വേതനം | 22700 |
| 13 | 05/18 ൽ നൽകിയ വേതനം | 29550 |
| 14 | 06/18 ൽ നൽകിയ വേതനം | 26300 |
| 15 | 03/19 ൽ നൽകിയ വേതനം | 14800 |
| | ആകെ | 351670 |

പദ്ധതിയുടെ ആകെ പ്രവൃത്തി മൂല്യമായ 432833/- രൂപയിൽ 356170/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിരിക്കുന്നത്. 76663/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി വിഷയത്തിന് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തിയോടനുബന്ധിച്ചുള്ള കോൺക്രീറ്റ് പണികൾക്കായി ഉപയോഗിച്ച മെറ്റൽ, എം-സാൻഡ് എന്നിവയുടെ വിലയിനത്തിലുള്ള ബില്ലുകൾ കൺവീനറുടെ പക്കൽ നിന്നും ഹാജരാക്കാമെന്ന് മറുപടി നൽകി.രേഖകളുടെ അഭാവത്തിൽ കൺവീനർക്ക് നൽകിയ 76663/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-76663/- രൂപ

ഓഡിറ്റ് എൻക്വയറി നം-10/22-03-2021

1-25 ഇ-ടെണ്ടർ വരവ് പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ വരവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വന്നിട്ടില്ല.ടി സാമ്പത്തിക വർഷത്തിൽ 35650/-രൂപ ഇ-ടെണ്ടർ ഫീയിനത്തിൽ വരവ് വന്നിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്. ഇ-ടെണ്ടർ ചെയ്യപ്പെട്ടിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ടെണ്ടർ ഫീ വരവിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള മുഴുവൻ തുകയും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-26 വിനിയോഗസാക്ഷ്യ പത്രമില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം-ഈട്ടിമൂട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(27/20)

ഫണ്ട്-എസ്.സി.പി

അടങ്കൽ-325600/-

ചെലവ്-325600/-(ബിൽ നം-15/19-20/15-10-2019)

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിട്ടിയിൽ തുക ഒടുക്ക് വരുത്തിയെങ്കിലും പണി പൂർത്തീകരിച്ചതിന്റെയോ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക വിനിയോഗിച്ചതിന്റെയോ വിവരങ്ങൾ പരിശോധനയ്ക്ക് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി പ്രവൃത്തിക്ക് വേണ്ടി നടത്തിയ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ/ധനവിനിയോഗ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 325600/-രൂ

ഓഡിറ്റ് റിക്വിസിഷൻ -2/16.03.2021

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

**3-1 പ്രവൃത്തിയുടെ ആകെ മൂല്യത്തിനനുസൃതമായിട്ടുള്ള നികുതികൾ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല**

പ്രോജക്റ്റ് നം-99/2020,

പ്രോജക്ടിന്റെ പേര്-കരുകോൺ ലക്ഷം വീട് നെല്ലിമൂട് റോഡ് കോൺക്രീറ്റ്

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ-സുധീൻ പിള്ള

എഗ്രിമെന്റ് നം-48/AE/LSGD/ALN/19-20/15-11-2019

എം-ബുക്ക് നം-48/19-20

ഫണ്ട് അടങ്കൽ-ധനകാര്യകമ്മീഷൻ ഗ്രാന്റ്-218500/-,

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-150000/-

ചെലവ്-ബിൽ നം-36/19-20/26-02-2020:-214326/-

ചെക്ക് നമ്പർ-2040573 /23-01-2020:-150000/-

ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കരാറുകാരൻ രേഖപ്പെടുത്തിയിരുന്ന ടെണ്ടർ നിരക്ക് കണക്കാക്കി കിട്ടുന്ന തുകയെ അധികരിച്ചാണ് നിയമാനുസൃതമായ നികുതികൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നത്. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ ആയത് പ്രകാരമല്ല നികുതികൾ ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം-325324.06

-0.01% ടെണ്ടർ കുറവ് -33

നികുതി കണക്കാക്കേണ്ട പ്രവൃത്തി മൂല്യം- 325292/-

| | ഈടാക്കേണ്ടിയിരുന്ന നികുതി മൂല്യം | ഈടാക്കിയ നികുതി മൂല്യം | വ്യത്യാസം |
|---|---|---|---|
| നികുതി കണക്കാക്കേണ്ട പ്രവൃത്തി മൂല്യം | 325292 | എം-ബുക്കിൽ പ്രവൃത്തി മൂല്യമായി രേഖപ്പെടുത്തിയിരിക്കുന്നത് 325292/- ആണെങ്കിലും നികുതികൾ ആയതിനെ അധികരിച്ചല്ല കണക്കാക്കിയത് | |
| -ആദായ നികുതി(ആകെ പ്രവൃത്തി മൂല്യത്തിന്റെ 1%) | 3253 | 2143 | 1110 |
| -നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം(ആകെ പ്രവൃത്തി മൂല്യത്തിന്റെ 1%) | 3253 | 2143 | 1110 |
| സംസ്ഥാന ചരക്ക് സേവന നികുതി(ആകെ പ്രവൃത്തി മൂല്യത്തിന്റെ 1%) | 3253 | 2143 | 1110 |
| | | | |

| | | | |
|---|---|---|---|
| സംസ്ഥാന ചരക്ക് സേവന നികുതി(ആകെ പ്രവൃത്തി മൂല്യത്തിന്റെ 1%) | 3253 | 2143 | 1110 |
| | 13012 | 8572 | 4440/- |

നിയമാനുസൃതമായി ഈടാക്കേണ്ട നികുതിയിനത്തിൽ കുറവുള്ള തുക 4440/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തുക ഒടുക്കുവരുത്തി ചെല്ലാൻ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി തുക കരാറുകാരനിൽ നിന്നുമീടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

നിരാകരിച്ച തുക-4440/-

ഓഡിറ്റ് എൻക്വയറി നം-10/22-03-2021

3-2 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

പ്രോജക്ട് വിവരങ്ങൾ-കുറവൻതേരി ചൊവ്വള്ളൂർ റോഡ് റീ ടാറിംഗ്, 149/20(സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

ഫണ്ട് -മെയിന്റനൻസ് ഗ്രാന്റ്(റോഡ്)

അടങ്കൽ-350000/-

ചെലവ്-3,49,545/-

ബിൽ നം-9/19-20/05-07-2019

കരാറുകാരൻ-ബദറുദ്ദീൻ.കെ

എഗ്രിമെന്റ് നമ്പർ-70/AE/LSGD/ALN/16-10-18

എം-ബുക്ക് നം-115/18-19 പേജ് നം 24&25

അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം മേൽ പ്രവൃത്തിക്കായി (എസ്റ്റിമേറ്റ് നമ്പർ-2018/73019, TS No-26429/18-19)"Packed Bitumin"റേറ്റ് ആണ് അനുവദിച്ച് നൽകിയിരിക്കുന്നത്. കരാറുകാരൻ ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്നും ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങിയ ബില്ലിലാണ് (ഇൻവോയ്സ് നം-4550253580/01-03-2019) പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉപയോഗിച്ച ടാറിന്റെ അളവ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എം.ബുക്കിൽ ആയതുമായി ബന്ധപ്പെട്ട സാക്ഷ്യപ്പെടുത്തലൊന്നും തന്നെ നടത്തിയിട്ടില്ല.

പാക്കഡ് ബിറ്റുമിന്റെ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ കാലിബാരലിന്റെ വില കുറവ് വരുത്തിയിട്ടാകണമായിരുന്നു കരാറുകാരന് തുക അനുവദിക്കേണ്ടിയിരുന്നത്. കുറവ് വരുത്തേണ്ട കാലിബാരലിന്റെ വില ചുവടെ സൂചിപ്പിക്കും പ്രകാരം കണക്കാക്കിയിരിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ പ്രകാരം

പ്രവൃത്തിക്കായി ഉപയോഗിച്ച ബിറ്റുമിൻ/എമൽഷൻ എന്നിവയുടെ അളവ്

| ഇനം | പ്രവൃത്തിക്ക് ഉപയോഗിച്ച അളവ്(Kg) | ഒരു ബാരലിലുള്ള അളവ്(Kg) | ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക(295/-) |
|---|---|---|---|---|
| VG 30 | 2748.899 | 156 | 17.62 Rounded To 18 | 5310/- |
| RS1 | 261.9 | 182 | 1.43 Rounded To 2 | 590/- |
| | | | 20 | 5900/- |

കാലിബാരലുകളുടെ വിലയിനത്തിൽ ഈടാക്കേണ്ട തുക ബില്ലിൽ നിന്നും കുറവ് വരുത്താതെ കരാറുകാരന് നൽകിയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തുക ഒടുക്കുവരുത്തി ചെല്ലാൻ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി തുക കരാറുകാരനിൽ നിന്നോ കാലിബാരലുകളുടെ വില കുറവ് വരുത്താതെ ചെലവ് നടത്തിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെന്ന നിലയിൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക-5900/-

ഓഡിറ്റ് എൻക്വയറി നം-10/22-03-2021

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 18.3.2021 &19-03-2021 | കെ.എസ്.എ.കെ.എൽ.എം.പി1/562/21/ 26.03.2021 |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 38522 | നെൽക്യഷി വികസനം(20/2020) | 38522 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 100000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(11/2020) | 100000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 150000 | കാഷ്യു ഫാക്ടറി ഇരുവേലിക്കൽ റോഡ് കോൺക്രീറ്റിംഗ് (98/2020) | 150000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 150000 | കരുകോൺ ലക്ഷം വീട്-നെല്ലിമൂട് | 150000 | - |

| | | | | | |
|---|---|---|---|---|---|
| | | | റോഡ് കോൺക്രീറ്റിംഗ് (99/2020) | | |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 150000 | കുട്ടിനാട് മടവൂർക്കോണം റോഡ് കോൺക്രീറ്റിംഗ് (100/2020) | 150000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 150000 | പുഞ്ചക്കോണം മുതലാറ്റ് റോഡ് കോൺക്രീറ്റിംഗ് (101/2020) | 150000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2019-20 | 75000 | കുട്ടിനാട് മിച്ചഭൂമി റോഡ് കോൺക്രീറ്റിംഗ് (104/2020) | 75000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (11/2020) | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | ലൈഫ് (ജനറൽ) (170/2020 | 300000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1800000 | ലൈഫ് (എസ്സ്.സി) (37/2020) | 1800000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 33800 | ലൈഫ്(എസ്സ്.സി) (171/2020) | 33800 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2800000 | ലൈഫ് (ജനറൽ) (35/2020) | 2800000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 11400 | അംഗൻവാടി പോഷകാഹാരം (10/2020) | 11400 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 353620 | പാലിന് സബ്സിഡി (14/2020) | 353620 | - |

ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബ്ലോക്ക്പഞ്ചായത്ത് വരവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./UTR No. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിട്ടി | പോത്തൻപാറ പുന്നവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21900807 | 400000 | 0 | 400000 |
| 2 | കേരള വാട്ടർ അതോറിട്ടി | ചണ്ണപ്പേട്ട-പള്ളിത്തേരിഅംഗൻവാടിക്ക് മുന്നിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21901032 21900853 | 9000 | 0 | 9000 |
| 3 | കേരള വാട്ടർ അതോറിട്ടി | വാർഡ് 8,11 എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21900852 | 437000 | 0 | 437000 |

| | | | | | | |
|---|---|---|---|---|---|---|
| 4 | കേരള വാട്ടർ അതോറിട്ടി | പുത്തയം സ്റ്റേഡിയം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21900806 | 247000 | 0 | 247000 |
| 5 | കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (137/2020) | 21900795 | 1149031 | 0 | 1149031 |
| 6 | കേരള വാട്ടർ അതോറിട്ടി | മുക്കട് ഈട്ടിമൂട് കോളനിപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21900808 | 325000 | 0 | 325000 |
| 7 | കെ.എസ്.ഇ.ബി | മെത്രാംതോട്ടംകുടിവെള്ള പദ്ധതിക്ക് ത്രീഫെയ്സ് വൈദ്യുത കണക്ഷൻ | 21900805<br>21900876 | 126191 | 126191 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9004000 രൂപ വരവുണ്ട്. മുൻബാക്കി 17698680 രൂപയടക്കം 26702680 രൂപയിൽ 8820995 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ലഭിച്ച തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC വായ്പ | ലഭ്യമല്ല | 9004000 | 17698680 | 1779412 | - | 24923268 |
| ഹഡ്കോ വായ്പ | ലഭ്യമല്ല | 22500 | - | - | - | 22500 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7313 /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-7 | 1093 | ശ്രീ. സോമശേഖരപിള്ള, സെക്രട്ടറി, അലയമൺ ഗ്രാമപഞ്ചായത്ത് | 119030100706/ 4.6.19 |
| 2006-07 | 3-8 | 2175 | ശ്രീ. സോമശേഖരപിള്ള, സെക്രട്ടറി, അലയമൺ ഗ്രാമപഞ്ചായത്ത് | 119030100707/ 4.6.19 |
| 2007-08 | 3-1 | 185 | ശ്രീ. സോമശേഖരപിള്ള, സെക്രട്ടറി, അലയമൺ ഗ്രാമപഞ്ചായത്ത് | 119030100702/ 4.6.19 |
| 2008-09 | 3-1 | 2760 | ശ്രീ. സോമശേഖരപിള്ള, സെക്രട്ടറി, | 119030100703/ |

| | | | | |
|---|---|---|---|---|
| | | | അലയമൺ ഗ്രാമപഞ്ചായത്ത് | 4.6.19 |
| 2009-10&2010-11 | 3-9 | 500 | ശ്രീ. സോമശേഖരപിള്ള, സെക്രട്ടറി, അലയമൺ ഗ്രാമപഞ്ചായത്ത് | 119030100704/ 4.6.19 |
| 2009-10&2010-11 | 3-13 | 600 | ശ്രീ. സോമശേഖരപിള്ള, സെക്രട്ടറി, അലയമൺ ഗ്രാമപഞ്ചായത്ത് | 119030100705/ 4.6.19 |
| ആകെ | | 7313 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1 | 2016-17 | 3-5-5 | കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് സെക്രട്ടറി നമ്പർ അനുവദിച്ചുനല്കി | മറുപടി സമർപ്പിച്ചു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4440/- | ആരിസ് .എ. എസ് ,അസി.എഞ്ചിനീയർ |
| 3-2 | | 5900/- | ആരിസ് .എ .എസ് ,അസി.എഞ്ചിനീയർ |
| ആകെ | | 10340 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 87300 | ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി |
| 1-16 | 22,83,031 | ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി |
| 1-19 | 6,55,374 | ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി |
| 1-24 | 76,663 | ആരിസ് .എ .എസ്, അസി.എഞ്ചിനീയർ |
| 1-25 | 3,25,600 | ശ്രീമതി. ഷാജിതാബീഗം, അസി. സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 3427968/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

# (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ്കുമാർ, സെക്രട്ടറി | സെക്രട്ടറി, അലയമൺ ഗ്രാമപഞ്ചായത്ത് | നെല്ലിക്കുന്നത്ത് വീട്, തൃക്കോവിൽവട്ടം, മുഖത്തല |
| ശ്രീ. ആരിസ് .എ .എസ് | അസി. എഞ്ചിനീയർ കരവാളൂർ ഗ്രാമപഞ്ചായത്ത് | സലീന മൻസിൽ, കല്ലൂർ, കൊയ്ത്തൂർക്കോണം, പോത്തൻകോട് |
| ശ്രീമതി.ഷാജിതാബീഗം | സെക്രട്ടറി ആനക്കയം ഗ്രാമപഞ്ചായത്ത് | മാങ്കുന്നിൽവീട്, പെരിങ്ങാട്, തുടയന്നൂർ പി ഓ, കടയ്ക്കൽ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/ പി-1/447(2)/02-03-2018 | 4 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/ പി-1/447(3)/02-03-2018 | 2 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/ പി-1/447(4)/02-03-2018 | 4 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/ പി-1/447(7)/02-03-2018 | 14 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/ പി-1/447(8)/02-03-2018 | 4 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/ പി-1/447(9)/02-03-2018 | 1 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/ പി-1/447(10)/02-03-2018 | 9 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം/ പി-1/447(11)/02-03-2018 | 9 |
| 2006-07 | എൽ.എഫ്.ക്യൂ/പി1/796(2)/19/10.06.19 | 4 |
| 2007-08 | എൽ.എഫ്.ക്യൂ/പി1/796(1)/19/10.06.19 | 10 |
| 2008-09 | എൽ.എഫ്.ക്യൂ/പി1/796(3)/19/10.06.19 | 10 |
| 2009-10 & 2010-11 | എൽ.എഫ്.ക്യൂ/പി1/796(4)/19/10.06.19 | 9 |
| 2011-12 & 2012-13 | എൽ.എഫ്.ക്യൂ/പി1/29/20/05.05.20 | 18 |
| 2013-14 & 2014-15 | എൽ.എഫ്.ക്യൂ/പി1/1132/2016/14.4.17 | 19 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം- പി-1/1353/2017/17.03.18 | 8 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം- പി-1/890/2018/9.7.2018 | 19 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം- പി-1/56/2019/9.12.19 | 10 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം- പി-1/426/2020/5.6.2020 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ അലയമൺ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഫീസ്, കൊല്ലം